**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** **30-06-2022 - ൽ മറുപടിയ്ക്ക്**

**സാഫ്-ന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യതൊഴിലാളികളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായി സംഘടിപ്പിക്കപ്പെട്ട സാഫ്-ന്റെ പ്രവർത്തനം വ്യക്തമാക്കാമോ; | (എ) | വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | മത്സ്യതൊഴിലാളി വനിതകൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇതു വഴി സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി വനിതകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

1) **ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം ( Development of Micro Enterprises Units)**

മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്രാന്റ് (ഒരംഗത്തിന് ഒരു ലക്ഷം രൂപ) അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ 150–300 ചെറുകിട സംരംഭങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നു. ഇതിനായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം രൂപ വരെ പലിശരഹിത പ്രവർത്തന മൂലധനം, 50,000 രൂപ വരെ സോളിഡാരിറ്റി ഫണ്ട്, പലിശ സബ്സിഡി, മേളകളും എക്സിബിഷനുകളും, online marketing & sales സംവിധാനം, നൂതനവും സാങ്കേതികവുമായ പരിശീലനങ്ങൾ എന്നിവ നൽകുന്നു.

2) **തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് പദ്ധതി 2020-21**

തീരദേശ ജില്ലകളിൽ സീഫുഡ് റസ്റ്റോറന്റുകൾ രൂപികരിച്ചുകൊണ്ട് മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുകയും സാധാരണ ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ മികച്ച സീഫുഡ് ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ആവശ്യമായ എല്ലാ പരിശീലനങ്ങളും സാഫ് നൽകുന്നു. 5 ലക്ഷം രൂപ വരെ 5 പേരടങ്ങുന്ന ഒരു Seafood Restaurant രൂപീകരിക്കുന്നതിനായി ഗ്രാന്റ് നൽകുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റാണ്. ബാക്കി തുക ബാങ്ക് ലോൺ (20%) ആയും ഗുണഭോക്തൃവിഹിതം (5%) ആയും എടുക്കുന്നു. 45 സീ ഫുഡ് റസ്റ്റോറന്റുകൾ പ്രവർത്തിച്ചുവരുന്നു.

3) **JLG project for Ensuring Livelihood Security of Fisherwomen in Kerala**

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന 3R, JLG , എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീരദേശമേഖലയിൽ മത്സ്യവിൽപ്പനയും അനുബന്ധതൊഴിൽ ചെയ്യുന്നവരുമായ 4,660 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും കൊള്ളപ്പലിശക്കാരുടെ ചൂഷണം ഒരു പരിധി വരെ തടയുന്നതിനും ഔദ്യോഗിക ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചു. 4660 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 932 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി ആരംഭിച്ചിട്ടുണ്ട്. 466 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി ഉപയോഗിച്ചുവരുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് 100 ശതമാനം ആണ്. തിരിച്ചടവ് പൂർത്തീയാക്കുന്ന യൂണിറ്റുകൾക്ക് ടി തുക വീണ്ടും അനുവദിക്കുന്നു. 2022–23 വർഷത്തിൽ 500

മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 100 ജോയിന്റ് ലയബിലിറ്റി യൂണിറ്റുകൾ ആരംഭിക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4) **അഷ്ടമുടി Phase II-"Development of Micro Enterprises for Alternative Livelihood of Fisherwomen" 2018-19**

48 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ കൊല്ലം ജില്ലയിൽ Kundra Mahila Powerloom Society വക കെട്ടിടത്തിൽ ന്യൂട്രാക്ക്സൊസൈറ്റി എന്ന പേരിൽ കൺസോർഷ്യം മാതൃകയിൽ പ്രവർത്തിച്ചുവരുന്നു. അപ്പാരൽ പാർക്ക് പ്രവർത്തിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ Government e-Marketplace (GeM)ലൂടെ വാങ്ങുകയും ഗുണഭോക്താക്കൾക്ക് ATDC മുഖേന skill training നൽകുകയും ചെയ്തു. 12 തയ്യൽ യൂണിറ്റുകളുടെ രൂപീകരണത്തിനായി 36 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചു. Consortium ത്തിനുള്ള ബാങ്ക് ലോൺ (30 ലക്ഷം) ലഭിക്കുന്നതിനായി 15 ലക്ഷം രൂപ Margin Money അനുവദിച്ചിട്ടുണ്ട്.

5) **ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിങ് കിയോസ്ക്**

മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി Central Institute of Fisheries Technology (CIFT) മായി ചേർന്ന് മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള ശീതീകരണ സംവിധാനത്തോടു കൂടിയ 20 മത്സ്യവിപണന കിയോസ്ക് വിതരണം ചെയ്യുന്നു. ഇതിനായി 16 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്നും 44 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട് . ഇതിനായി 12.33 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു.

കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT രൂപകല്പന ചെയ്ത 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിങ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു. ഈ പദ്ധതിയിൽ ഒരു കിയോസ്ക് ലഭിക്കുന്നതിനായി 11,900/– രൂപയാണ് ഗുണഭോക്തൃ വിഹിതമായി നൽകേണ്ടത്. ആദ്യഘട്ടത്തിൽ 14 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 1 1 കിയോസ്കുകൾ വിതരണം ചെയ്യുന്നതിനായി സജ്ജമാക്കി വരുന്നു.

6) **കേരളബാങ്ക് മഖേനയുള്ള വായ്പപദ്ധതി**

COVID-19 പശ്ചാത്തലത്തിൽ സംരംഭം മുന്നോട്ട്കൊണ്ടുപോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരമൈത്രി യൂണിറ്റുകൾക്ക് Working Capital Assistance നൽകുന്നതിനും അതുവഴി സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും കേരള ബാങ്ക് ദീർഘകാല വായ്പ മുഖേന ലഭ്യമാക്കി. Collateral security ഒന്നുംതന്നെ നൽകാതെയാണ് കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘകാല വായ്പ ലഭ്യമാക്കുന്നത്. 3 വർഷ തിരിച്ചടവ് കാലാവധിയിൽ 2 മുതൽ 5 വരെ അംഗങ്ങൾ ഉള്ള തീരമൈത്രി യൂണിറ്റുകൾക്ക് ഒരംഗത്തിനു 50,000 രൂപ എന്ന കണക്കിൽ 2 ലക്ഷം രൂപ വരെ ലോൺ അനുവദിച്ചു. 2020–21 വർഷത്തിൽ 1054 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന 359 തീരമൈത്രി യൂണീറ്റുകൾക്കായി 5 കോടി രൂപ കേരള ബാങ്കിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2021–22 വർഷത്തിൽ 139 യൂണിറ്റുകൾക്ക് 1.64 കോടി രൂപയും ദീർഘകാല വായ്പയായി അനുവദിച്ചിട്ടുണ്ട്.

7) **തീരമാവേലി**

ഈ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 14 മാവേലി ഇനത്തിൽപ്പെട്ട സബ്സിഡി സാധനങ്ങളും, എഫ്.എസ്.എസ്.ആർ, ശബരി സാധനങ്ങളും സംസ്ഥാനത്ത് തീരമൈത്രി പദ്ധതിയിൽ പ്രവർത്തിച്ച് വരുന്ന 10 സൂപ്പർമാർക്കറ്റുകൾ വഴിയും

5 കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ വഴിയും തീരദേശജനതയ്ക്ക് ലഭ്യമാക്കുന്നു. സബ്സിഡി നിരക്കിൽ സാധനങ്ങൾ നൽകുന്നതിൽ നിന്നും സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന സഞ്ചിത നഷ്ട തുകയുടെ 25 ശതമാനം സാഫ് നൽകുന്നു. 20,000 ത്തിൽ പരം തീരദേശ കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

**8) ഓൺലൈൻ മാർക്കറ്റിംഗ്**

സാഫിന്റെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും യൂണിറ്റുകളെ Online Marketing & Sale സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവന്നു. ആദ്യഘട്ടത്തിൽ 125 യൂണിറ്റുകളെ whatsapp, facebook എന്നീ സോഷ്യൽ മീഡിയയിൽ ലിങ്ക് ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത യൂണിറ്റ് /ഉൽപ്പന്നങ്ങൾക്ക് Registration, License, QR code എന്നിവ ലഭ്യമാക്കി. Online Marketing & Sale ന് ആവശ്യമായ Standard quality, product sample testing, packing, product label, design, storage എന്നിവ ചെയ്തു വരുന്നു. പ്രൊഡക്റ്റ് പ്രൊമോഷന് ആവശ്യമായ advertisement, online poster, short videos തുടങ്ങിയവ തയ്യാറാക്കി വരുന്നു. ടി സംവിധാനത്തിലെ യൂണിറ്റുകൾക്ക് അനുയോജ്യമായ Delivery Partnerമാരെ ജില്ലകൾ അതാത് പ്രദേശങ്ങളിൽ നിന്നുതന്നെ കണ്ടെത്തുകയും ഉൽപ്പന്നങ്ങൾ home delivery ചെയ്യുന്നതിന് അവരുമായി ലിങ്കേജ് ഉണ്ടാക്കുകയും ചെയ്തു വരുന്നു. അടുത്ത ഘട്ടത്തിൽ Theeramythri online marketing and sales APP രൂപീകരിച്ച് തീരമൈത്രി യൂണിറ്റുകളുടെ മുഴുവൻ ഉല്പന്നങ്ങളും SAF online platformന്റെ കീഴിൽകൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 9) Digital Media & Marketing – Online Course

Gender Equality & Women Empowerment Policy ശീർഷകത്തിൽ ഉൾപ്പെടുത്തി“Bridging the digital divide – include, upskill & innovate”പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ബിരുദധാരികളായ 30 യുവതികൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ASAP (Additional Skill Acquisition Programme Kerala) മുഖേന Digital Media & Marketing ൽ 3 മാസത്തെ Online Course നൽകുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 6 മാസം സാഫ് യൂണിറ്റിന്റെ Online Marketing & sales ൽ സൗജന്യ പ്രായോഗിക പരിശീലനം നൽകുന്നു. പരിശീലന കാലയളവിൽ ആവശ്യമായ സാങ്കേതിക സാകര്യങ്ങൾ (Tablet) പഠിതാക്കൾക്ക് നൽകുന്നു. കൂടാതെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും നൽകുന്നു.